പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3072

18.10.2016 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## ചാലിയം ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.കെ.സി.മമ്മത് കോയ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി)** |
| (എ) | ചാലിയം ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണ നടപടികൾ എത്രത്തോളമായി എന്ന് വിശദമാക്കാമോ; | (എ) | ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിനു വേണ്ടി നിർദ്ദേശിച്ചിട്ടുള്ള കോഴിക്കോട് ജില്ലയിലെ ചാലിയത്തെ ഭൂമിയുടെ ഉടമസ്ഥാവകാശം നിലവിൽ വനം വകുപ്പിനും നിർമ്മാണ പ്രവർത്തികളുടെ ചുമതല വ്യവസായവകുപ്പിന്റെ അധീനതയിലുള്ള KINFRA യ്ക്കുമാണ്. വനംവകുപ്പിൽ നിന്നും ഭൂമി കിൻഫ്രയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ സ്റ്റേജ് - 1 അനുമതി ലഭിച്ചു. വനം വകുപ്പിൽ നിന്ന് ഭൂമി കൈമാറി പരിസ്ഥിതി വനംവകുപ്പ് മന്ത്രാലയത്തിൽ നിന്ന് അന്തിമ അനുമതി ലഭ്യമായാലുടൻ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ചാലിയം ഫിഷ് ലാന്റിംഗ് സെന്ററിനുവേണ്ടി വനം വകുപ്പിൽ നിന്നും ഏറ്റെടുക്കുന്ന ഭൂമിക്ക് പകരം ഭൂമി കൈമാറുന്നതിനുള്ള നടപടികൾ എന്തായി എന്ന് വിശദമാക്കാമോ; | (ബി) | ചാലിയം ഫിഷ് ലാന്റിംഗ് സെന്ററിനുവേണ്ടി വനംവകുപ്പിൽ നിന്ന് കൈമാറുന്ന ഭൂമിക്ക് പകരമായി കണ്ണൂർ ജില്ല തലശ്ശേരി താലൂക്കിലെ ചോനാടം എന്ന കണ്ടൽ വനം കൈമാറാവുന്നതാണെന്ന് യൂസർ ഏജൻസിയായ കിൻഫ്ര അറിയിച്ചിട്ടുണ്ട്. ടി സ്ഥലം കണ്ടൽ വനമായതിനാൽ തൽസ്ഥിതി പരിശോധിക്കുന്നതിന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർത്തേൺ സർക്കിൾ) കണ്ണൂരിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഫിഷ് ലാന്റിംഗ് സെന്റർ എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (സി) | വനം വകുപ്പിന്റെ ചാലിയത്തെ ഭൂമിക്ക് വനം വകുപ്പ് നിഷ്കർഷിക്കുന്ന പരിഹാര വനവൽക്കരണത്തിനുള്ള തുകയും അനുബന്ധ തുകകളും വനം വകുപ്പിന്റെ ഡിമാന്റ് നോട്ടീസ് കിട്ടിയാലുടൻ കെട്ടിവെക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേൽ തുക 'കിൻഫ്ര' |

| | | | |
|---|---|---|---|
| | | | കെട്ടിവച്ച് പരിസ്ഥിതി വനംവകുപ്പ് മന്ത്രാലയത്തിൽ നിന്ന് അന്തിമ അനുമതി ലഭ്യമാക്കിയാലുടൻ എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ